# പതിനാലാം കേരളനിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1690 | 14/08/2017-ൽ മറുപടിക്ക്

## ഐ.ടി. മേഖലയിലെ സ്ത്രീകളുടെ സുരക്ഷിതത്വം

ചോദ്യം

ശ്രീ. മഞ്ഞളാംകുഴി അലി

മറുപടി

ശ്രീ. പിണറായി വിജയൻ
(മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| എ) | ഐ.ടി.മേഖലയിൽ തൊഴിൽ ചെയ്യുന്ന സ്ത്രീകൾക്ക് പലപ്പോഴും രാത്രി വൈകിയും ജോലി ചെയ്യേണ്ടിവരുന്ന സാഹചര്യം ഇവരുടെ സുരക്ഷിതത്വത്തിന് പ്രശ്നങ്ങൾ ഉണ്ടാകുന്നുവെന്ന കാര്യം സർക്കാർ ഗൗരവമായി കാണുന്നുണ്ടോ; | എ) | ഉണ്ട്. |
| (ബി) | ഈ മേഖലയിൽ ജോലി ചെയ്യുന്ന സ്ത്രീകളുടെ സുരക്ഷിതത്വത്തിന് ഓരോ കമ്പനികളും സ്വീകരിക്കുന്ന നടപടികൾ വിലയിരുത്തുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ; | (ബി) | ഐ.ടി. കമ്പനികളിൽ ജോലി ചെയ്യുന്ന സ്ത്രീകളുടെ സുരക്ഷിതത്വത്തിന് ഓരോ കമ്പനികളും അവരവരുടേതായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ, പാർക്കും പൊതുവായുള്ള സുരക്ഷാ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഈ സംവിധാനങ്ങൾ സുഗമമായി പ്രവർത്തിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനും സുരക്ഷാ സംവിധാനങ്ങൾ വിലയിരുത്തി കാര്യക്ഷമമായി പ്രവർത്തിക്കുന്നതിനും വേണ്ടി ചീഫ് സെക്യൂരിറ്റി ഓഫീസറുടെ നേതൃത്വത്തിലുള്ള സെക്യൂരിറ്റി |

| | | | |
|---|---|---|---|
| | | | സംവിധാനം പാർക്കിൽ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ പെറ്റീഷൻ കമ്മിറ്റി, വിജിലൻസ് സെൽ എന്നിവയും സുരക്ഷാ സംവിധാനങ്ങൾ വിലയിരുത്തുന്നുണ്ട്. |
| സി) | ഐ.ടി. മേഖലയിൽ പ്രവർത്തിക്കുന്ന സ്ത്രീകളുടെ തൊഴിൽ സാധ്യതയ്ക്ക് കുറവുണ്ടാകാത്തവിധത്തിലും മതിയായ സുരക്ഷിതത്വം ഉറപ്പുവരുത്തുന്ന തരത്തിലുമുള്ള ഒരു ഐ.ടി.നയം ആവിഷ്കരിക്കുമോ? | സി) | GO(P) 9/2017/ITD dated 30.06.2017 പ്രകാരം അംഗീകരിച്ച ഐ.ടി നയം 2017 ൽ ഐ.ടി. മേഖലയിലെ സ്ത്രീകളുടെ സുരക്ഷിതത്വം സംബന്ധിച്ച സർക്കാരിന്റെ നയം വ്യക്തമാക്കിയിട്ടുണ്ട്. ഇത് സംബന്ധിച്ച പ്രധാനപ്പെട്ട പ്രഖ്യാപനങ്ങൾ ചുവടെ ചേർക്കുന്നു<br>• 24x7 പ്രവർത്തനവും മൂന്നു ഷിഫ്റ്റും അനുവദിക്കുന്ന ഐ.ടി/ഐ.ടി അനുബന്ധ കമ്പനികളിൽ , സ്ത്രീകൾക്ക് രാത്രി തൊഴിലെടുക്കാനുള്ള അനുവാദം, ആവശ്യമായ സുരക്ഷാ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്ന വിലയിരുത്തലിന് വിധേയമായിരിക്കും.<br>• സ്ത്രീകൾക്ക് ആവശ്യമായ സുരക്ഷ കമ്പനി നല്കും. (പ്രത്യേകിച്ച് രാത്രി 9 മണിക്ക് ശേഷം ഔദ്യോഗിക വാഹനത്തിൽ സുരക്ഷയ്ക്കായുള്ള ജീവനക്കാർ ഉൾപ്പെടെ താമസ സ്ഥലങ്ങളിൽ എത്തിക്കുകയും വേണം).<br>• പാർക്ക് അധിഷ്ഠിതമായി ക്രഷ്, ഹോസ്റ്റൽ എന്നിവ അടക്കമുള്ള പൊതു സൗകര്യങ്ങൾ കമ്പനികളുടെ പങ്കാളിത്തത്തോടെ ഉറപ്പാക്കും.<br>• ഗർഭാവസ്ഥയ്ക്ക് മുമ്പും പിമ്പും വീട്ടിലിരുന്ന് തൊഴിലെടുക്കുവാനുള്ള അവസരം (അവധി ദീർഘിപ്പിക്കൽ), ജോലി സമയം ലഘൂകരിക്കുന്നതിനുള്ള സൗകര്യം (കുറഞ്ഞ വേതനത്തിൽ).<br>• ക്രഷ്, സ്കൂൾ സമയം കഴിഞ്ഞ് സംരക്ഷണം ഇവ നടത്തുന്ന യോഗ്യതയുള്ള സ്ത്രീകൾക്ക് (പ്രാദേശികാടിസ്ഥാനത്തിൽ മുൻഗണന) അടിസ്ഥാന സൗകര്യ സഹായവും ലഭ്യമാക്കും. |

സെക്ഷൻ ഓഫീസർ